പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.700 11.07.2016 -ൽ മറുപടിക്ക്

## കരമന -കളിയിക്കാവിള റോഡിന്റെ രണ്ടാംഘട്ടനിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്ത് വകുപ്പും രജിസ്ട്രേഷനും വകുപ്പും മന്ത്രി) |
| (എ) | ദേശീയപാത 47 കരമന - കളിയിക്കാവിള റോഡിന്റെ രണ്ടാംഘട്ടനിർമ്മാണത്തിനായി സ്ഥലമേറ്റെടുത്തവർക്ക് നഷ്ട പരിഹാര തുക ഇനിയും നൽകാനുണ്ടോ എന്ന് വ്യക്ത മാക്കുമോ; | (എ) | ഉണ്ട്. ദേശീയപാത 47 കരമന - കളിയിക്കാവിള റോഡ് വികസനത്തിന്റെ രണ്ടാം ഭാഗമായി പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിനായി 266.87 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആദ്യ ഗഡുവായി 50 കോടി ലഭിച്ചതിന്റെ വിതരണ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഗഡുവായി 50 കോടിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. മേൽ നടപടികൾ റവന്യൂ വകുപ്പാണ് സ്വീകരിക്കേണ്ടത്. |
| (ബി) | പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള രണ്ടാംഘട്ട നിർ മ്മാണം എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ? | (ബി) | സ്ഥലം ഏറ്റെടുക്കൽ പ്രക്രിയ പൂർത്തി യാകുന്ന മുറയ്ക്ക് പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ